# അറേബ്യൻ
# അത്ഭുതകഥകൾ

**ജേക്കബ് സാംസൺ മുട്ടട**

1957 ജൂലൈ 27-ന് മൂന്നാറിൽ ജനിച്ചു. അച്ഛൻ സാംസൺ ജേക്കബ്. അമ്മ പെണ്ണമ്മ സാംസൺ. 1960 മുതൽ തിരുവനന്തപുരത്ത് സ്ഥിരതാമസം. 1978-ൽ കേരള സർവകലാശാലയുടെ ബി.കോം. ബിരുദം നേടി. 1985 മുതൽ സർക്കാർ സർവീസിൽ. 2013-ൽ കേരള സർക്കാരിന്റെ ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ അഡീഷണൽ ഡയറക്ടറായി സർവീസിൽനിന്ന് വിരമിച്ചു. കഥ, കവിത, ബാലസാഹിത്യം, ഹാസ്യസാഹിത്യം, നാടകം, ലേഖനം, യാത്രാവിവരണം എന്നീ വിഭാഗങ്ങളിലായി 30 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇതിൽ 'ഒരു തേന്മാവിന്റെ കഥ'യ്ക്ക് (ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത്) എൻ.സി.ഇ.ആർ.ടിയുടെ 1995-ലെ ദേശീയ അവാർഡും, 'കുഞ്ഞാലിക്കൊരു തൊഴിലി'ന് (സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രസിദ്ധീകരിച്ചത്) നാഷണൽ ലിറ്ററസി മിഷന്റെ 2002-ലെ ദേശീയ അവാർഡും ലഭിച്ചു. നൂറിൽപ്പരം റേഡിയോ നാടകങ്ങളും, കണ്ടതും കേട്ടതും, ഇതളുകൾ തുടങ്ങിയവയും ആകാശവാണിക്കുവേണ്ടി രചിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രസിദ്ധീകരണമായ കളിവീണയുടെ പത്രാധിപർ, ബാലസാഹിത്യകാരൻ, ഹാസ്യസാഹിത്യകാരൻ എന്നീ നിലകളിൽ ശ്രദ്ധേയൻ.

ഭാര്യ: എം. ലളിത മക്കൾ: ജോൺ ജേക്കബ്, സാമുവൽ ജേക്കബ്

വിലാസം: T.C. 3/678, കണ്ണിമറ്റം, മുട്ടട പി.ഒ., തിരുവനന്തപുരം

ഫോൺ: 9400275537

ഇ-മെയിൽ: samsonmuttada@yahoo.co.in

# അറേബ്യൻ അത്ഭുതകഥകൾ

ജേക്കബ് സാംസൺ മുട്ടട

എച്ച് & സി ബുക്സ്

Malayalam Language
**ARABIAN ATHBUTHAKATHAKAL**
Children's Literature / Stories

**Jacob Samson Muttada**

First Published : June 2019

Cover: Maneesh M.S.
Typesetting: MPC Thrissur

Printed in India
at Ebenezer Printpack, Thrissur

Publishers
**H&C PUBLISHING HOUSE**
Thrissur 680001
Website: www.handcbooks.com
E-mail: handcbooks@gmail.com

Distributors
**H&C STORES**
Thiruvananthapuram, Kollam, Pathanamthitta, Kottayam, Thiruvalla,
Pala, Thodupuzha, Thrippunithura, Ernakulam, Thrissur,
Kunnamkulam, Palakkad, Perinthalmanna, Kozhikode,
Sulthan Bathery, Kannur, Kanhangad, Coimbatore, Bengaluru

No part of this publication may be reproduced, or transmitted in any form or by any means without prior written permission of the publisher

ISBN 978-93-88952-53-8
**₹ 100.00**
19050-1000-01-0619

# അവതാരിക

ത്രസിക്കുന്ന മിഴികളോടെയല്ലാതെ, ബാലമനസ്സുകൾക്കെന്നല്ല, മുതിർന്നവർക്കും അറബിക്കഥകൾ കേട്ടിരിക്കാനാവുകയില്ല. അതിന്റെ മാസ്മരികത അത്രയ്ക്കാണ്. അതു സൃഷ്ടിക്കുന്ന വ്യതിരിക്തമായ അത്ഭുതപ്രപഞ്ചത്തിൽ കുട്ടികളും, നാടകീയവും അപ്രവചനീയവുമായ കഥാഗതി ഉളവാക്കുന്ന മാന്ത്രികവശ്യതയിൽ മുതിർന്നവരും മുഴുകിപ്പോകുന്നതിൽ അത്ഭുതപ്പെടാനില്ല. കഥകളിൽ ആഴ്ന്നിരിക്കുന്ന ഗുണപാഠങ്ങളും മനസ്സുകൾക്കു ലേപനമായി ഭവിക്കുന്നു. അറബിക്കഥകൾ വായിച്ചതിൽനിന്നുള്ള അനുഭവത്തെപ്പറ്റി വിഖ്യാത ആംഗലേയകവി വില്യം വേഡ്സ്വർത്ത് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു, "രാവുകളെ നിർനിദ്രങ്ങളാക്കി മധുരീകരിക്കുന്നവയാണ് ഈ കഥകൾ." പഞ്ചതന്ത്രകഥകൾക്കും, വിക്രമാദിത്യകഥകൾക്കും ഗ്രീക്കുകഥകൾക്കും മഹാഭാരതകഥകൾക്കുമെല്ലാം ഈ വൈശിഷ്ട്യം പറയാമെങ്കിലും നാടകീയത നിലനിർത്തുന്നതിലും അനുവാചകന്റെ ജിജ്ഞാസയെ സദാ ഉണർത്തി സജീവമാക്കി നിർത്തുന്നതിലും അറബിക്കഥകൾ അവയെക്കാൾ മുന്നിലാണെന്നു പറയേണ്ടിയിരിക്കുന്നു.

എട്ടാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ടുവരെയുള്ള നീണ്ട കാലഘട്ടത്തിലൂടെയാണ് ആയിരത്തൊന്നു രാവുകൾ എഴുതപ്പെട്ടതെന്നാണ് വിദഗ്ധാഭിപ്രായം. വായിച്ചും പറഞ്ഞും അത് നൂറ്റാണ്ടുകൾ താണ്ടി ഇന്നും ആസ്വാദകലോകത്തെ കീഴടക്കുന്നു. തലമുറകളും സംസ്കാരങ്ങളും മാറിയെങ്കിലും അറബിക്കഥകളുടെ സ്വീകാര്യതയ്ക്ക് ആക്കംകൂടിയതേയുള്ളൂ. അത് പുനരാഖ്യാനം ചെയ്യപ്പെടാത്ത ഭാഷകളുണ്ടാവുകയില്ല. മലയാളത്തിലും എത്രയോ പുനരാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എങ്കിലും പുതിയ ഒന്ന് നിലവിലുള്ളവയ്ക്ക് അധികപ്പറ്റാണെന്നു പറഞ്ഞുകൂടാ. കാരണം, ആഖ്യാനംചെയ്യുന്ന ആളിന്റെ ഭാഷയും യുക്തിയും ചമൽക്കാരവും കണിശതയുമെല്ലാം കൃതിയുടെ ആസ്വാദ്യതയിൽ വലിയ സ്വാധീനമാണ് ചെലുത്തുന്നത്. ആയിരത്തൊന്നു

രാവുകളിലെ കഥകളിലേറെയും ഉൾപ്പെടുത്തി 'അറേബ്യൻ അത്ഭുത കഥകൾ' എന്ന പേരിൽ പുറത്തിറക്കുന്ന ഈ കൃതിയുടെ പുനരാഖ്യാതാവ് കേരള സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുൻ അഡീഷണൽ ഡയറക്ടറും പ്രശസ്ത സാഹിത്യകാരനും ബാലസാഹിത്യത്തിലെ ദേശീയ അവാർഡ് ജേതാവുമായ ജേക്കബ് സാംസൺ മുട്ടടയാണ്. പ്രധാനമായും ബാലമനസ്സുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആഖ്യാനരീതിയാണ് ഇതിൽ അദ്ദേഹം അവലംബിച്ചിരിക്കുന്നത്. സ്വതസിദ്ധവും അനനുകരണീയവും കണിശവുമായ അദ്ദേഹത്തിന്റെ ആഖ്യാനശൈലി ഈ കഥകൾക്ക് വ്യത്യസ്തവും അപൂർവവുമായ ഒരു മാനംതന്നെ നൽകുന്നു. കുട്ടികളും മുതിർന്നവരും ഉൾക്കൊള്ളുന്ന അനുവാചകലോകം ഏറെ താത്പര്യത്തോടെ ഈ കൃതിയെ വരവേൽക്കുമെന്നതിനു സംശയമില്ല.

**ജെ.ജി. ലോറൻസ്**

# ആമുഖം

നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് അറബിക്കഥകൾക്ക്. കഥകേട്ട് ഉറങ്ങിയും, കഥകേട്ട് ഉണർന്നും എത്രയെത്ര തലമുറകൾ കടന്നുപോയിരിക്കുന്നു. ലോകമെമ്പാടുമുള്ള കുട്ടികൾ അന്നും ഇന്നും ഒരേ മനസ്സോടെ ഈ കഥകൾക്കായി കാത്തിരിക്കുന്നു.

ആലിബാബയുടേയും അലാവുദ്ദീന്റേയും സിൻബാദിന്റേയുമൊക്കെ കഥകൾ ഒരിക്കൽക്കൂടി വായിക്കാൻ മുതിർന്നവർപോലും കൊതിച്ചുപോകും. ജീവിതസത്യങ്ങളും അനുഭവപാഠങ്ങളും ചിരിയും ചിന്തയുമെല്ലാം ഈ കഥകളിൽ അലിഞ്ഞുചേർന്നിരിക്കുന്നു.

കുട്ടികളുടെ ജിജ്ഞാസയെയും അന്വേഷണബുദ്ധിയെയും തൊട്ടുണർത്തുന്ന ധീരസാഹസികവും അത്ഭുതകരവുമായ എട്ടു കഥകളാണ് 'അറേബ്യൻ അത്ഭുതകഥകളി'ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഊണും ഉറക്കവും മറന്ന്, ശ്വാസമടക്കിപ്പിടിച്ചിരുന്ന് ഈ ഓരോ കഥയും കുട്ടികളും മുതിർന്നവരും ഒരുപോലെ ഒറ്റയിരുപ്പിൽ വായിച്ചുതീർക്കുമെന്ന് എനിക്കുറപ്പുണ്ട്.

**ജേക്കബ് സാംസൺ മുട്ടട**

# ഉള്ളടക്കം


1. ആലിബാബയും നാല്പതു കള്ളന്മാരും 11

2. അലാവുദ്ദീനും അത്ഭുതവിളക്കും 25

3. ബാഗ്ദാദിലെ വ്യാപാരി 42

4. ക്വാജാ ഹസ്സൻ 47

5. കാളയും കഴുതയും 56

6. മാന്ത്രികമോതിരം 59

7. സിൻബാദിന്റെ കപ്പൽയാത്രകൾ 80

8. നാലു വ്യാപാരികളും ഒരു പണസഞ്ചിയും 106

# ആലിബാബയും നാല്പതു കള്ളന്മാരും

**പ**ണ്ടു പണ്ട് പേർഷ്യയിലെ ഒരു നഗരത്തിൽ രണ്ടു സഹോദരന്മാർ ജീവിച്ചിരുന്നു. മൂത്തയാൾ കാസിം. ഇളയവന്റെ പേര് ആലിബാബ. ദരിദ്രരായ അവർ വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നത്.

എന്നാൽ സമ്പന്നയായ ഒരു യുവതിയെ കല്യാണംകഴിച്ചതോടെ കാസിമിന്റെ ഭാഗ്യകാലം തുടങ്ങി. വലിയ വീട്ടിൽ താമസമായി. വലിയ കച്ചവടക്കാരനായി. എന്നാൽ സമ്പത്തു വർധിച്ചപ്പോൾ ദരിദ്രരെ അയാൾ വെറുത്തു.

ശുദ്ധഹൃദയമുള്ള ആലിബാബയ്ക്കാകട്ടെ, പകലന്തിയോളം അധ്വാനിച്ചിട്ടും ഒന്നും സമ്പാദിക്കുവാനായില്ല. വിവാഹം കഴിഞ്ഞതോടെ അയാളുടെ ചെലവ് കൂടിവന്നു.

അതിരാവിലെ ഭാര്യ വച്ചുകൊടുക്കുന്ന ആഹാരവും, മഴുവുമായി ആലിബാബ എല്ലാ ദിവസവും വനത്തിലേക്കു പുറപ്പെടും, വിറകു വെട്ടാൻ. പിന്നെ വെട്ടിയ വിറക് പട്ടണത്തിൽ വിറ്റ് നിത്യചെലവിനുള്ള കാശുമായി വീട്ടിലേക്കു മടങ്ങും. ജ്യേഷ്ഠനായ കാസിമാകട്ടെ, സഹോദരനെ സഹായിക്കാൻ ഒട്ടും താത്പര്യപ്പെട്ടില്ല.

ഒരു ദിവസം പതിവുസ്ഥലത്ത് വിറകിനു പറ്റിയ മരങ്ങൾ കാണാത്തതിനാൽ ചാക്കും മഴുവും എടുത്ത് ഉൾവനത്തിലേക്ക് ആലിബാബ നടന്നു. ചീവീടുകളുടെയും ഘോരമൃഗങ്ങളുടെയും ശബ്ദം കാടിനെ ഭയാനകമാക്കി. മരങ്ങൾക്കിടയിലെ വള്ളിച്ചെടികൾ വകഞ്ഞുമാറ്റി അയാൾ കൂടുതൽ ഉള്ളിലേക്കു നടന്നുകൊണ്ടിരുന്നു. അല്പം ഭയം തോന്നിയെങ്കിലും തന്റെ കുടുംബത്തെ ഓർത്തപ്പോൾ വിറകില്ലാതെ മടങ്ങുവാൻ അയാൾക്കു മനസ്സുവന്നില്ല.

നടന്നു ക്ഷീണിച്ച ആലിബാബ ഒരു മരച്ചുവട്ടിൽ ഇരുന്നു. ആഹാരം കഴിച്ചു. വിശ്രമിച്ചു. അന്ന് കുറേ കൂടുതൽ വിറകുശേഖരിച്ച് തന്റെ ഭാര്യയ്ക്ക് ഒരു ജോഡി വസ്ത്രം വാങ്ങാൻ അയാൾ ആഗ്രഹിച്ചിരുന്നു.

കുറച്ചകലെ വിറകിനു പറ്റിയ ഒരു മരം കണ്ട് കഴുതയുമായി അതിനടുത്തെത്തി. മഴുവും ചാക്കും അടുത്തുകണ്ട പാറപ്പുറത്തുവച്ച് അല്പമകലെ കഴുതയെ മാറ്റിക്കെട്ടി. താൻ വിറകുവെട്ടുമ്പോൾ അതു പുല്ലു തിന്നട്ടെയെന്ന് അയാൾ കരുതി.

മഴുവെടുത്ത് മരം വെട്ടാൻ ആരംഭിച്ചതും ദൂരെനിന്ന് ഒരു ആരവം കേട്ടു. ആ ശബ്ദം എന്താണെന്നറിയുവാൻ ആലിബാബ ചെവിയോർത്തു. ഈ കാട്ടിൽ ഒരു മനുഷ്യൻപോലുമില്ല. ഇനി വല്ല ദുഷ്ടമൃഗങ്ങളോ മറ്റോ ആകുമോ? അയാൾ ചിന്തിച്ചു.

പെട്ടെന്ന് ആലിബാബയ്ക്ക് ഒരാശയം തോന്നി. അയാൾ അടുത്തുള്ള പാറപ്പുറത്തു കയറി ശബ്ദം കേൾക്കുന്ന ദിക്കിലേക്ക് സൂക്ഷിച്ചുനോക്കി. അങ്ങു ദൂരെ പൊടിപടലമുയരുന്നു. കുതിരകളുടെ കുളമ്പടിശബ്ദവും മനുഷ്യരുടെ അട്ടഹാസവും! ആലിബാബ ഭയചകിതനായി. വല്ല കൊള്ളക്കാരോ മറ്റോ ആയിരിക്കുമോ? മറ്റാരാണ് ഈ ഘോരവനത്തിനുള്ളിലേക്കു വരുന്നത്? അവരുടെ ദൃഷ്ടിയിൽപ്പെട്ടാൽ കഥകഴിഞ്ഞതുതന്നെ. എന്തുചെയ്യും? ആലിബാബ പാറയോടു ചേർന്നുനിന്നിരുന്ന ഒരു മരത്തിനടുത്തെത്തി. മഴു കാടിനുള്ളിൽ ഒളിപ്പിച്ചു. ഭാഗ്യം! കഴുത വള്ളിക്കാട്ടിനുള്ളിലായതിനാൽ ആർക്കും കാണാൻ കഴിയുകയില്ല. ഒട്ടും സമയം പാഴാക്കാതെ അയാൾ ആ മരത്തിനു മുകളിലേക്കു കയറി ഇലകൾക്കിടയിൽ ഒളിച്ചിരുന്നു.

അട്ടഹാസവും കുതിരക്കുളമ്പടിയും അടുത്തടുത്തുവരുന്നു. ഒരു കൂട്ടം മനുഷ്യർ കുതിരപ്പുറത്ത് ചാക്കുകളുമായി താൻ ഇരിക്കുന്ന മരത്തെ ലക്ഷ്യമാക്കി വരുന്നത് ആലിബാബ കണ്ടു. ഭയന്നുവിറച്ച് മരച്ചില്ലയിലിരുന്നുകൊണ്ട് ആലിബാബ ആ സംഘത്തിന്റെ വരവ് ശ്രദ്ധിച്ചു.

ആലിബാബ ഇരുന്ന മരച്ചുവട്ടിൽ ആ സംഘം വന്നുനിന്നു. അവർ കുതിരപ്പുറത്തുനിന്നും എന്തൊക്കെയോ ചരക്കുകൾ താഴെയിറക്കി. സംഘത്തലവനെന്നു തോന്നുന്ന ഒരാൾ പാറയെ നോക്കി ഉറക്കെ അലറി:

“ഓപ്പൺ സെസേം.”

അത്ഭുതം! ഒരു വാതിൽ പോലെ പാറയുടെ ഒരു ഭാഗം തുറന്നുവന്നു. വന്നവർ ചരക്കുകളുമായി ഉള്ളിലേക്കു പോയി. എല്ലാവരും അകത്തുകടന്നപ്പോൾ പാറയുടെ വാതിലടഞ്ഞു.

ആലിബാബ അത്ഭുതപരതന്ത്രനായി.

ഉടനെ തന്നെ താഴേക്കിറങ്ങിയാലോ? വേണ്ട. അവർ പെട്ടെന്നെ ങ്ങാനും പുറത്തേക്കു വന്നാൽ കണ്ടതു തന്നെ! അല്പംകൂടെ കാത്തിരിക്കാം.

അല്പസമയം കഴിഞ്ഞപ്പോൾ ശബ്ദത്തോടെ പാറയുടെ വാതിൽ തുറക്കപ്പെട്ടു. കാലിച്ചാക്കുകളുമായി എല്ലാവരും പുറത്തുവന്നു. സംഘത്തലവൻ ശ്രദ്ധയോടെ ചുറ്റും നോക്കി, ആരും കാണുന്നി ല്ലെന്ന് ഉറപ്പുവരുത്തി പാറയുടെ നേർക്കു നോട്ടമുറപ്പിച്ച് അലറി.

"ഷട്ട് സെസേം." വാതിലടഞ്ഞു.

കുതിരപ്പുറത്തു കയറി അവർ വന്ന വഴിയേ തിരികെപ്പോയി.

## രണ്ട്

**ദൂ**രെ അവർ മറഞ്ഞപ്പോൾ ആലിബാബ മരത്തിൽനിന്നിറങ്ങി. അയാൾക്ക് എല്ലാം വിചിത്രമായി തോന്നി. ആരായിരിക്കാമവർ? പാറയ്ക്കുള്ളിലെന്താണുള്ളത്? അവർ വീണ്ടും മടങ്ങിവരുമോ? ഇന്നെന്തായാലും വെട്ടിയിടത്തോളം വിറകു മതി. ആപത്ത് എപ്പോ ഴാണുണ്ടാകുന്നതെന്ന് ആർക്കറിയാം?

ആ പാറയുടെ സമീപമെത്തിയപ്പോൾ പെട്ടെന്ന് ആലിബാബയ്ക്ക് സംഘത്തലവൻ അലറിപ്പറഞ്ഞ വാക്കുകൾ ഓർമ വന്നു. ഒന്നു പരീ ക്ഷിച്ചാലോ?

"ഓപ്പൺ സെസേം." ആലിബാബ അലറി.

എന്തൊരത്ഭുതം! പാറയുടെ വാതിൽ തുറന്നു. ആരെങ്കിലും വരു ന്നുണ്ടോയെന്നു ശ്രദ്ധിച്ച് ആലിബാബ പാറയ്ക്കുള്ളിൽ കയറി ചുറ്റും നോക്കി. നിധികൾ സൂക്ഷിച്ചുവച്ചിരിക്കുന്ന അറപോലെ! പാറ യുടെ മുകളിൽനിന്ന് ഒരു ചെറിയ ദ്വാരത്തിലൂടെ സൂര്യപ്രകാശം അരിച്ചിറങ്ങുന്നു. പ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന സ്വർണാഭരണ ങ്ങളും പൊൻനാണയക്കൂമ്പാരങ്ങളും! മറ്റൊരിടത്ത്, കൂട്ടിയിട്ടിരി ക്കുന്ന പട്ടുവസ്ത്രങ്ങളും വെള്ളിപ്പാത്രങ്ങളും! സ്വർഗലോകം പോലെ! ആലിബാബ അതിശയിച്ചു. പെട്ടെന്നയാൾ ചുറ്റുപാടുക ളെക്കുറിച്ച് ബോധവാനായി. അവർ കൊള്ളക്കാർ തന്നെ. മോഷ ണവസ്തുക്കൾ ഈ പാറയ്ക്കുള്ളിൽ ഒളിപ്പിച്ചുവയ്ക്കുന്നു. തീർച്ച യായും അവർ മടങ്ങിവരും. അതിനുമുമ്പ് രക്ഷപ്പെടുക തന്നെ.

പിന്നെ ഒട്ടും താമസിച്ചില്ല, ആലിബാബ വലിയൊരു ചാക്കിൽ നിറയെ സ്വർണനാണയങ്ങൾ നിറച്ച് പുറത്തുവന്നു. സംഘത്തല വൻ പറഞ്ഞതുപോലെ പാറയെ നോക്കി അലറി. "ഷട്ട് സെസേം."

വാതിലടഞ്ഞു. അയാൾ കഴുതയെ അഴിച്ചുകൊണ്ടുവന്നു. സ്വർണ നാണയം ആരും കാണാതിരിക്കുവാൻ, വെട്ടിയ വിറകുകഷണങ്ങൾ അതിന്റെ മീതെ അടുക്കി ചാക്കിനെ മറച്ചു. കൊള്ളക്കാർ മടങ്ങി വരുംമുമ്പേ ഇവിടെനിന്നു രക്ഷപ്പെടണം. "ദൈവമേ കാത്തുകൊ ള്ളണേ!" പ്രാർഥനയോടെ ആലിബാബ കാടിനു പുറത്തേക്കു വേഗ ത്തിൽ നടന്നു.

ആലിബാബയെ കാത്തുനിന്നിരുന്ന ഭാര്യ, ദൂരെനിന്നു തന്റെ ഭർത്താവു വരുന്നതു കണ്ടു. പക്ഷേ, പട്ടണത്തിൽ വിൽക്കാനുള്ള വിറകെന്തിനാണ് ഇന്ന് വീട്ടിലേക്കു കൊണ്ടുവരുന്നത്! എന്തോ പന്തികേടുണ്ട്. ഭർത്താവിനടുത്തേക്ക് അവൾ ചെന്നു. എന്നാൽ ശബ്ദമുണ്ടാക്കരുതെന്ന് ആംഗ്യം കാട്ടി അയാൾ വിറകുകൾ എടുത്തു മുറ്റത്തിട്ടു. പിന്നെ ഭാര്യയോടു ചാക്കു പൊക്കുവാൻ ആവശ്യ പ്പെട്ടു. ഇരുവരും ചേർന്ന് ചാക്ക് വീട്ടിനുള്ളിലാക്കി. ആലിബാബ വാതിലടച്ച് ദീർഘമായി നിശ്വസിച്ചു. ഭാര്യയ്ക്കൊന്നും മനസ്സിലാ യില്ല. അല്പനേരം വിശ്രമിച്ചശേഷം അയാൾ നടന്നതെല്ലാം ഭാര്യ യോടു പറഞ്ഞു. ഇരുവരും സന്തോഷത്തോടെ പൊൻനാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുവാൻ തുടങ്ങി.

പക്ഷേ, ഇത്രയധികം നാണയങ്ങൾ എണ്ണിക്കഴിയുമ്പോൾ നേരം പുലരും. അതിനാൽ ജ്യേഷ്ഠനായ കാസിമിന്റെ വീട്ടിൽ പോയി എന്തെങ്കിലും നുണ പറഞ്ഞ് അളവുനാഴി വാങ്ങിക്കൊണ്ടു വരാൻ ആലിബാബ ഭാര്യയെ പറഞ്ഞുവിട്ടു.

## മൂന്ന്

**പ**തിവില്ലാതെ അളവുനാഴി ചോദിച്ചുവന്ന സഹോദരഭാര്യയെ കണ്ടപ്പോൾ കാസിമിന്റെ ഭാര്യയ്ക്കു സംശയം. നാഴികൊണ്ട് അള ക്കുവാൻ പോയിട്ട് കൈകൊണ്ടുപോലും വാരിയിടാൻ ധാന്യമി ല്ലാത്ത വീട്ടിൽ ഇവൾക്കെന്തിനാണ് നാഴി? എന്ത് അളക്കുവാനാണ് എന്നു ചോദിക്കുവാൻ അവളുടെ ദുരഭിമാനം സമ്മതിച്ചില്ല. വിവര മറിയാൻ എന്താണു മാർഗം? ബുദ്ധിമതിയായ അവൾ നാഴിയുടെ

അടിയിൽ അല്പം പുളി ഒട്ടിച്ചുവച്ച്, ഒന്നുമറിയാത്തതുപോലെ അതെടുത്ത് ആലിബാബയുടെ ഭാര്യയ്ക്കു കൊടുത്തു.

ആലിബാബയും ഭാര്യയും സ്വർണനാണയങ്ങൾ അളന്നു തിട്ടപ്പെടുത്തി വീട്ടിനുള്ളിൽ ഒരു കുഴിയുണ്ടാക്കി അതിലിട്ടു മൂടി. രാവിലെ ആലിബാബയുടെ ഭാര്യ നാഴി തിരിച്ചുകൊടുക്കുവാൻ പോയി. എന്നാൽ അതിനടിയിലെ പുളിയിൽ ഒരു പൊൻനാണയമൊട്ടിയിരിക്കുന്നത് അവളറിഞ്ഞില്ല.

കാസിമിന്റെ ഭാര്യ നാഴി വാങ്ങി വീടിനുള്ളിൽ കയറി അതു പരിശോധിച്ചു. അവൾ അതിശയിച്ചുപോയി. ഒരു പൊൻനാണയം നാഴിയുടെ അടിയിൽ! അവൾ കാസിമിന്റെ അടുക്കൽ ചെന്നു. "നോക്കൂ, ആലിബാബയ്ക്ക് എന്തോ നിധി കിട്ടിയിരിക്കുന്നു. അവൻ നിങ്ങളേക്കാൾ പണക്കാരനാകാൻ പോകുന്നു. അവനെക്കാൾ ചെറിയവനാകാതിരിക്കാൻ നിങ്ങൾ വേഗം ആലിബാബയെ വിളിച്ച് കാര്യമറിയുക." അവൾ പറഞ്ഞു.

പതിവില്ലാതെ കാസിം തന്നെ ആളയച്ചു വിളിപ്പിക്കുന്നതെന്തിനെന്നോർത്ത് ആലിബാബ ചിന്താമഗ്നനായി. കാസിം അനുജനോടു നിധിയെപ്പറ്റി ആരാഞ്ഞു. ആദ്യമൊന്നും ആലിബാബ സത്യം വെളിപ്പെടുത്തിയില്ല. എന്നാൽ കൗശലക്കാരനായ കാസിമിന്റെ ചോദ്യം ചെയ്യലിൽ ആലിബാബ നടന്നതെല്ലാം വെളിപ്പെടുത്തി.

പാറയ്ക്കുള്ളിലെ നിധിയുടെ വിവരം അനുജനിൽനിന്ന് മനസ്സിലാക്കിയ കാസിം അതുമുഴുവൻ കൈക്കലാക്കുവാൻ അനേകം ചാക്കുകളുമായി വനമധ്യത്തിലെത്തി. പാറ കണ്ട കാസിം സന്തോഷവാനായി.

പാറയുടെ മുന്നിലെത്തിയ കാസിം ആലിബാബ പറഞ്ഞതുപോലെ അലറി. "ഓപ്പൺ സെസേം." വാതിൽ തുറന്നതു കണ്ടു കാസിം ഓടി അതിനുള്ളിൽ കയറി. അയാളുടെ കണ്ണുകൾ മഞ്ഞളിച്ചുപോയി. അത്യാഗ്രഹിയായ കാസിം സ്വർണനാണയങ്ങൾ ഓരോരോ ചാക്കിലാക്കി. മറ്റാരെങ്കിലും ഗുഹയ്ക്കുള്ളിൽ വന്നെങ്കിലോ എന്നു വിചാരിച്ച് കാസിം ഉറക്കെ പറഞ്ഞു:

"ഷട്ട് സെസേം." പെട്ടെന്ന് വാതിലടഞ്ഞു.

ചാക്കുകളെല്ലാം നിറഞ്ഞുകഴിഞ്ഞപ്പോൾ അയാൾ അവ ഓരോന്നായി വാതിലിന്റെ അരികിൽ കൊണ്ടുവച്ചു. കാസിം വാതിൽ തുറക്കാൻ പറയേണ്ട വാചകമോർത്തു. എത്ര ആലോചിച്ചിട്ടും സെസേം എന്ന വാക്ക് വായിൽ വരുന്നില്ല. കാസിം പരിഭ്രാന്തനായി.

ഓപ്പൺ... ഓപ്പൺ...” അയാൾ അലറി. പാറയ്ക്കൊരനക്കവുമില്ല. “ഓപ്പൺ ബാർളി, ഓപ്പൺ വീറ്റ്.” അങ്ങനെ പലതും വീണ്ടും വീണ്ടും വിളിച്ചുപറഞ്ഞു. വാതിൽ തുറന്നില്ല. നിധിക്കെട്ടുകളിൽ മുറുകെപ്പിടിച്ച് കാസിം നിലവിളിച്ചു.

മോഷണത്തിനു പോയ കള്ളന്മാർ തിരിച്ചുവന്നു. പാറയുടെ മുന്നിൽ കഴുതകളെ കണ്ടപ്പോൾ ഏതോ അപരിചിതൻ തങ്ങളുടെ രഹസ്യത്താവളം കണ്ടെത്തിയതായി അവർ മനസ്സിലാക്കി. കൊള്ളത്തലവൻ കഠാര കൈയിലെടുത്തു. “ഓപ്പൺ സെസേം” എന്നലറി.

അകത്തുകടന്ന അവർ നിധിച്ചാക്കുകളിൽ കെട്ടിപ്പിടിച്ചുനിൽക്കുന്ന കാസിമിനെ കണ്ടു. കോപാവേശത്താൽ കൊള്ളത്തലവൻ അയാളെ വെട്ടിനുറുക്കി നാലുകഷണമാക്കി. രണ്ടുകഷണം പാറയ്ക്കുള്ളിലും രണ്ടുകഷണം വെളിയിലും ഇട്ടു. ഈ രഹസ്യം മറ്റാരെങ്കിലും അറിഞ്ഞിട്ടുണ്ടോയെന്നു പരീക്ഷിക്കുവാനാണ് അങ്ങനെ ചെയ്തത്. പാറയുടെ വാതിലടച്ച് അവർ അപ്രത്യക്ഷരായി.

നിധിക്കായി പുറപ്പെട്ട കാസിമിനെ ദിവസങ്ങളോളം കാണാതിരുന്നതിനാൽ ആലിബാബയോടു കാസിമിന്റെ ഭാര്യ കാര്യങ്ങൾ പറഞ്ഞു. അവരെ സമാധാനിപ്പിച്ചയച്ച് തന്റെ കഴുതയുമായി ജ്യേഷ്ഠനെയന്വേഷിച്ച് ആലിബാബ വനമധ്യത്തിലെത്തി. എന്നാൽ കാസിമിന്റെ കഷണങ്ങളാക്കിയ മൃതശരീരമാണ് അയാൾക്കവിടെ കാണുവാൻ കഴിഞ്ഞത്. ആലിബാബ വളരെ ദുഃഖിതനായി. കാസിമിന്റെ ഉടലിന്റെ പകുതി ഭാഗങ്ങൾ കാണാതിരുന്നതിനാൽ അയാൾ പാറയുടെ അടുത്തെത്തി. “ഓപ്പൺ സെസേം.” എന്നലറി.

അകത്തുകടന്ന ആലിബാബ ജ്യേഷ്ഠന്റെ മറ്റു ശരീരഭാഗങ്ങളും ഒരു ചാക്കുനിറയെ പൊൻനാണയങ്ങളുമായി പുറത്തുകടന്നു.

“ഷട്ട് സെസേം” എന്നു പറഞ്ഞപ്പോൾ പാറയുടെ വാതിലടഞ്ഞു. മൃതദേഹം കാണാതാവുമ്പോൾ, ആരോ ഒളിത്താവളത്തിൽ കടന്നുവെന്ന് മനസ്സിലാക്കി കള്ളന്മാർ തന്നെയന്വേഷിച്ചുവരുമെന്ന് ആലിബാബ തീർച്ചയാക്കി. അതിനാൽ നിധിയുമായി അയാൾ കാസിമിന്റെ വീട്ടിൽ താമസമാക്കി.

കാസിമിന് മൊർജ്യാനയെന്നു പേരുള്ള ഒരു വേലക്കാരിയുണ്ടായിരുന്നു. അവൾ സമർഥയും ബുദ്ധിമതിയും യജമാനനോടു കൂറുള്ളവളും ആയിരുന്നു. കാസിമിനെപ്പോലെ മൊർജ്യാന ആലിബാബയേയും ബഹുമാനിച്ചു.

## നാല്

**ആ**ലിബാബയുടെ നിർദേശപ്രകാരം, മൃതദേഹം തുന്നിച്ചേർക്കാൻ ഒരു ചെരുപ്പുകുത്തിയെ രഹസ്യമായി വിളിച്ചുകൊണ്ടുവരാൻ മൊർജ്യാന പോയി. ഒരു പൊൻനാണയം നല്കിയപ്പോൾ ചെരുപ്പുകുത്തി സമ്മതിച്ചു. അയാളുടെ കണ്ണുകൾ ഒരു തുണികൊണ്ടു കെട്ടി മൊർജ്യാന വീട്ടിലെത്തിച്ചു. മൃതദേഹത്തിന്റെ ഭാഗങ്ങളെല്ലാം തുന്നിച്ചേർത്തശേഷം പഴയതുപോലെ വീണ്ടും കണ്ണുകൾ കെട്ടി ചെരുപ്പുകുത്തിയെ മൊർജ്യാനയോടൊപ്പം പറഞ്ഞുവിട്ടു. ഈ കാര്യങ്ങളെല്ലാം പരമരഹസ്യമാക്കിവയ്ക്കണമെന്നു ചട്ടംകെട്ടി ഒരു പൊൻനാണയംകൂടി ചെരുപ്പുകുത്തിക്കു നല്കി മൊർജ്യാന മടങ്ങിവന്നു.

കള്ളന്മാരാലല്ല, മറിച്ച് അസുഖം വന്നാണ് കാസിം മരിച്ചതെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുവാൻ മൊർജ്യാനയെ പലപ്രാവശ്യം ആലിബാബ ഒരു വൈദ്യന്റെ അടുക്കൽ പറഞ്ഞുവിട്ടു. വീണ്ടും വൈദ്യന്റെ അടുത്തുവന്ന മൊർജ്യാന തന്റെ യജമാനൻ മരിച്ചുപോയതിനാൽ ഇനി മരുന്നുവേണ്ടായെന്നു വൈദ്യനോടു പറഞ്ഞു. അങ്ങനെ കാസിം രോഗബാധിതനായി മരിച്ചുപോയിയെന്ന വാർത്ത നാട്ടിലറിഞ്ഞു. ജനങ്ങളുടെ സാന്നിധ്യത്തിൽ മൃതദേഹം സംസ്കരിച്ചു. കള്ളന്മാർ ഏതു സമയവും അന്വേഷിച്ചുവരാൻ സാധ്യതയുള്ളതിനാൽ കരുതിയിരിക്കുവാൻ എല്ലാവരോടും ആലിബാബ പറഞ്ഞു.

രഹസ്യത്താവളത്തിൽ മടങ്ങിയെത്തിയ കൊള്ളക്കാർ ഞെട്ടിപ്പോയി. പാറയുടെ വാതിൽ തുറന്ന് അകത്തും പുറത്തും ഇട്ടിരുന്ന ശരീരഭാഗങ്ങൾ ആരോ എടുത്തുകൊണ്ടുപോയിരിക്കുന്നു. തങ്ങളുടെ സങ്കേതം മറ്റാരോ കണ്ടുപിടിച്ചുവെന്ന് അവർക്ക് മനസ്സിലായി. അതാരാണെന്ന് കണ്ടുപിടിക്കുവാൻ സമർഥനായ ഒരു കള്ളനെ വേഷംമാറ്റി നാട്ടിലേക്കു വിട്ടു. ആരുടെയെങ്കിലും മരണത്തെപ്പറ്റിയോ കഷണങ്ങളാക്കിയ മൃതദേഹത്തെപ്പറ്റിയോ ജനങ്ങൾ സംസാരിക്കുന്നുണ്ടോയെന്ന് അന്വേഷിക്കുവാൻ സംഘത്തലവൻ അയാളോട് നിർദേശിച്ചു.

വേഷംമാറിയ കള്ളൻ അതിരാവിലെ ഗ്രാമത്തിലെത്തി. കടകളെല്ലാം അടഞ്ഞുകിടന്നിരുന്നു. എന്നാൽ ചെരുപ്പുകുത്തിയായ മുസ്തഫയുടെ കട മാത്രം തുറന്നിരിക്കുന്നതായി കണ്ടു. മുസ്തഫ ചെരുപ്പുതുന്നിക്കൊണ്ടിരിക്കുകയാണ്. കള്ളൻ അയാളോടു ചോദിച്ചു: "ഇത്ര അരണ്ട വെളിച്ചത്തിൽ ചെരുപ്പുതുന്നുവാൻ തക്ക കാഴ്ച നിങ്ങൾക്കുണ്ടോ?" അതു കേട്ടപ്പോൾ മുസ്തഫയ്ക്കു കോപം വന്നു. അയാൾ കള്ളനോടു പറഞ്ഞു: